ലേഖനം നമ്പർ 33

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

**കൃതജ്ഞതാ പ്രാർത്ഥന:**

രഹസ്യങ്ങൾ മൂടിയിരിക്കുന്നതിനാൽ പട്ടക്കാരൻ കൈ ഉയർത്താതെ കൂപ്പി നിൽക്കണം. പാപപരിഹാരപ്രദങ്ങളായ ശരീര രക്തങ്ങൾ അനുഭവിക്കുവാൻ ഇടയാക്കിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

വി. കുർബ്ബാനയുടെ സമാപനമാകുകയാണ്. ലഭിച്ചിട്ടുള്ള സ്വർഗ്ഗീയ ദാനങ്ങൾക്കും ആത്മീയ നൽവരങ്ങൾക്കും വേണ്ടി കൃതജ്ഞത അർപ്പിക്കുന്നു. മുമ്പുള്ള പ്രാർത്ഥനകൾ പിതാവായ ദൈവം തമ്പുരാനോടായിരുന്നെങ്കിൽ ഇപ്പോൾ സഭ പുത്രൻ തമ്പുരാനോടു തന്നെ പ്രാർത്ഥിക്കുന്നു. തങ്ങളുടെ മേൽ കരുണ കാണിക്കണമെന്നും, തന്റെ ദാനങ്ങൾ അവരുടെ മേൽ വർഷിക്കണമെന്നും, പാപത്തിൽ നിന്നും ദോഷങ്ങളിൽ നിന്നും സംരക്ഷിക്കണമെന്നും പ്രാർത്ഥിക്കുന്നു. കുർബ്ബാനയിലെ എല്ലാ പ്രാർത്ഥനകളും പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു. അവസാനത്തെ പ്രാർത്ഥന പുത്രനോടാണ്. ഇതിൽ പുരോഹിതൻ പുത്രനെ ഏറ്റു പറയുന്നു. കാരണം, തന്റെ സനാതനവും പാവനവുമായ വചനം അനുസരിച്ച് അവൻവഴി നമുക്ക് പിതാവിങ്കലേക്ക് സാമീപ്യം ലഭിച്ചു. പിതാവിങ്കലേക്ക് നമ്മെ നയിക്കുന്ന വഴിയും കൂട്ടിക്കൊണ്ടുപോകുന്ന വാതിലും അവിടുന്നാകുന്നു.

"കർത്താവേ നിന്റെ സ്വർഗ്ഗീയ വിരുന്നിൽ സംബന്ധിക്കുവാൻ ഞങ്ങളെ അർഹരാക്കിതീർത്ത നിന്റെ മഹാകരുണ നിമിത്തം ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. കർത്താവേ നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ അനുഭവം മൂലം ഞങ്ങൾ ശിക്ഷാർഹരായി തീരരുതേ, പിന്നെയോ നിന്റെ പരിശുദ്ധാത്മ സംസർഗ്ഗത്തിന് ഞങ്ങൾ അർഹരായി തീരേണമെ. ആദിമുതലുള്ള സകല പുണ്യാത്മാക്കളോടും കൂടെ ഓഹരിയും അവകാശവും ഞങ്ങൾ പ്രാപിക്കേണമെ. ഞങ്ങൾ നിനക്കും നിന്റെ ഏകജാതനും സകലത്തിലും പരിശുദ്ധനും.... നിന്റെ റൂഹായ്ക്കും ഇപ്പോഴും, എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുകയും ചെയ്യുമാറാകേണമേ"

പട്ടക്കാരന്റെ ഈ പ്രാർത്ഥനയ്ക്കുശേഷം ജനങ്ങൾ ആമ്മീൻ പറയുന്നു. അപ്പോൾ പട്ടക്കാരൻ "നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ" എന്നും, പ്രതിവാക്യമായി ജനം "അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ" എന്നും ചൊല്ലുന്നു. അതിനുശേഷം ശുശ്രൂഷകൻ "നൽകപ്പെട്ട വി. രഹസ്യങ്ങൾ കൈക്കൊണ്ടശേഷം വീണ്ടും കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം" എന്നു പറയുന്നു. ഇത് മൂന്നാമത്തേതും ഒടുവിലത്തേതും പ്രാവശ്യമാണ് തലകുനിക്കുവാൻ ആവശ്യപ്പെടുന്നത്. ഇതിനുത്തരമായി ജനം "ഞങ്ങളുടെ കർത്താവും ദൈവവുമെ നിന്റെ തിരുമുമ്പാകെ ഞങ്ങൾ ഞങ്ങളുടെ തലകൾ കുനിക്കുന്നു" എന്നു ചൊല്ലുന്നു.

തലകുനിച്ചു നിൽക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിന്മേൽ (സഭ) പുരോഹിതൻ യേശു വലിയവനും വിസ്മയനീയനുമായ സത്യദൈവമാകുന്നു എന്നു പ്രാർത്ഥിച്ച് ഏറ്റു പറയുന്നു. "ഞങ്ങളുടെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന വലിയവനും വിസ്മയനീയനുമായ ദൈവമെ ദയതോന്നി ഞങ്ങളിൽ കരുണ ചെയ്യണമേ" എന്നാണ് പ്രാർത്ഥിക്കുന്നത്.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

## വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Mar. 06 - 10.00 am, Mar. 13 - 07.00 am, Mar. 26 - 07.00 am, Apr. 03 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Mar. 06 - 07.30 am |
| | എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am |

## നിര്യാതയായി



തൃപ്പൂണിത്തുറ കൊല്ലംപറമ്പിൽ വയലിപുരേത്ത് (FACT Nagar), കെ.എം. മാത്യുവിന്റെ ഭാര്യ ശ്രീമതി **സാറാമ്മ മാത്യു** (79 വയസ്സ്), 11-02-2016 ൽ നിര്യാതയായി. 13-02-2016 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*




Editorial Board : P.T. John, K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 10 ISSUE : 03 MARCH 2016

## എഡിറ്റോറിയൽ

# വലിയ നോമ്പ്

വിവിധ ഓർത്തഡോക്സ് സഭകൾ വലിയ നോമ്പിനെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിച്ചുകാണുന്നു. ആദ്യത്തേത് ഒരുക്കത്തിന്റെ ആഴ്ച. ഈ കാലയളവിൽ പാപങ്ങളെ ഓർത്തു അനുതപിക്കുകയും, കൂടുതൽ സമയം പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുന്നു. അഹങ്കാരംവെടിഞ്ഞ് ദൈവത്തിൽ പൂർണ്ണമായി ആശ്രയം തേടണം. ഉപവാസം നോമ്പിന്റെ ഒരു പ്രധാന ഘടകമാണ്. 'മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നത്' എന്ന തിരുവചനം ഓർക്കലുമായി. ദൈവം നിരോധിച്ച ഫലം ഏദൻതോട്ടത്തിൽ ഭക്ഷിച്ച ആദാമിന്റെ അനുസരണക്കേടിനുള്ള പ്രായശ്ചിത്തമാകണം നമ്മുടെ ഭക്ഷണത്തിലുള്ള നിയന്ത്രണങ്ങൾ - (ഉല്പത്തി 3:1-19). നോമ്പിൽ ഭക്ഷണമുപേക്ഷിച്ച് ഉപവസിക്കുന്നവർ അതിൽനിന്നുള്ള വരുമാനം ഭക്ഷണമില്ലാതെ വലയുന്നവർക്ക് കൊടുക്കാറുമുണ്ടല്ലോ.

ഉപവാസസമയങ്ങളിൽ നമ്മുടെ അകത്തേക്കു പോകുന്ന ഭക്ഷണകാര്യങ്ങളിൽ നാം ശ്രദ്ധിക്കുന്നതുപോലെ തന്നെ, നമ്മുടെ വായിൽനിന്ന് പുറത്തേക്കുവരുന്ന വാചകങ്ങളും നാം നിയന്ത്രിക്കണം. അതാണല്ലോ മനുഷ്യരെ കൂടുതൽ പാപികളാക്കുന്നത്. വലിയ നോമ്പിന്റെ ആരംഭത്തിൽ വത്തിക്കാൻ റേഡിയോയിലൂടെ പോപ്പ് പറഞ്ഞത്: 'ചോക്കളേറ്റിനതീതമായി', നോമ്പിൽ ചെയ്യേണ്ടത് നമ്മുടെ അയൽക്കാരോടും, ദൈവത്തോടുമുള്ള സമീപനം മാറ്റുകയാണ്'. ആഗോളതലത്തിൽ തന്നെയുള്ള ഈ സമീപനം നമ്മുടെ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കാൻ നമ്മെ പ്രേരിപ്പിക്കുകയും, മറ്റുള്ള നിർദ്ധനരുടെയും, കഴിവില്ലാത്തവരുടെയും കാര്യങ്ങൾ നോക്കാൻ ആരുമില്ലാത്ത ഒരവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു. അതുമൂലം നല്ല പ്രവർത്തികൾക്കുള്ള ദൈവശബ്ദം കേൾക്കാതിരിക്കയും, അതുമൂലം ലഭിക്കാമായിരുന്ന മനസന്തോഷം അനുഭവിപ്പാൻ കഴിയാതിരിക്കയും ചെയ്യുന്നു. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ പാവപ്പെട്ടവരെ സഹായിക്കുന്നതും, ദുഃഖിതരുടെ കണ്ണീരൊപ്പുന്നതുമെല്ലാം മറ്റുള്ളവരുടെ ജോലിയായി തോന്നുകയും ചെയ്യും.

6-ാം നൂറ്റാണ്ട്മുതൽ 11-ാം നൂറ്റാണ്ട് വരെയുള്ള സമയത്താണ് ഓർത്തഡോക്സ് വേദപഠനശാലകളിൽ നോമ്പിന്റെ ചട്ടങ്ങൾ ഉണ്ടാക്കിയതെന്നു പറയപ്പെടുന്നു. അതുപ്രകാരം നോമ്പിൽ തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽ മത്സ്യമാംസാദികൾ പൂർണ്ണമായും വർജ്ജിക്കപ്പെട്ടിരുന്നു. നോമ്പ് തുടങ്ങുന്നതിന് തൊട്ടുമുൻപുള്ള ഞായറാഴ്ച സഹജീവികളോടു ക്ഷമിക്കുവാനുള്ള ഞായറാഴ്ചയാണ് (മത്താ 6: 4-21). പിറ്റെ ദിവസം തിങ്കളാഴ്ച മുഴുവൻ സമയം ഉപവാസത്തോടെയായിരുന്നു നൊമ്പാചരണം ആരംഭിച്ചിരുന്നത്.

രണ്ടാം ഞായറാഴ്ച അനുതാപത്തിന്റേതായിരിക്കും

*(ശേഷം 2-ാം പേജിൽ)*

## ഇടയ ലേഖനം

# നീ ഭൂമിയുടെ മുഖത്തെ പുതുക്കുന്നു (സങ്കീ 104:30)

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



വേനൽ ഋതു വരവായി. സൂര്യതാപമേറുകയും, അന്തരീക്ഷം ചുട്ടുപഴുക്കുകയും ചെയ്യുമ്പോൾ പച്ചപ്പുകൾ മിക്കവാറും അപ്രത്യക്ഷമാകുന്നു. വരൾച്ച മണ്ണിനെയും ജലസ്രോതസ്സുകളെയും ബാധിച്ചു തുടങ്ങിയിരിക്കുന്നു. ഇതേ വരൾച്ച മനുഷ്യമനസ്സുകളിലേക്കും മനുഷ്യബന്ധങ്ങളിലേക്കും കുടിയേറുമോ? മനുഷ്യനും പ്രകൃതിയുടെ ഒരു മുഖമാണ്; മുഖം മനസ്സിന്റെ കണ്ണാടിയും!

ഇത്തരം പ്രതിഭാസങ്ങൾ അരങ്ങേറുന്ന രംഗത്തിലാണ് സങ്കീർത്തനത്തിലെ മധുരമൂറുന്ന പുതുക്കമെന്ന വാഗ്ദാനത്തെ കാണേണ്ടത്. ഋതുഭേദങ്ങൾ ഈശ്വരനിയമമാണ്. അവ ഭൂമിയുടെ നിലനിൽപ്പിനെ ബാധിക്കുന്നതുമാണല്ലോ. ഈശ്വരനൊഴികെ സർവ്വതും ചലനാത്മകമായതിനാൽ സൃഷ്ടപ്രകൃതിയിലും അനുസ്യൂതവും ക്രമീകൃതവുമായ മാറ്റങ്ങളുണ്ടാകുന്നു. എന്നാൽ പ്രകൃതിയുടെ ഈ ക്രമത്തിനെ ലംഘിക്കുന്നതിനുള്ള ധാർഷട്യം കാട്ടാൻ മനുഷ്യൻ മുതിരുന്നതുകൊണ്ട് ഋതുഭേദങ്ങളിലെപ്പോലും താളലയങ്ങൾ ഭഞ്ജിക്കപ്പെട്ടിരിക്കുന്നു. ഒരു പുതിയ ദിവസം വിടരുമ്പോൾ പ്രകൃതി മുഴുവൻ പുതുതായതായി തോന്നും.വർഷം കഴിഞ്ഞ് പൊൻവെയിൽ എത്തുമ്പോഴും ഇതേ പ്രതികരണം തന്നെയാണുണ്ടാവുക. ഏതർത്ഥത്തിലായാലും, ഭൂമിയും അതിന്റെ മുഖവും പുതുക്കപ്പെടുമ്പോൾ മനുഷ്യനും മനുഷ്യമുഖവും നവമായി ഭവിക്കും.

'പുതുതാക്കൽ' പ്രകൃതിയുടെ വിധാതാവ് ദൈവമാണ്. സകലവും പുതുതാക്കുന്നത് അവിടുന്നുതന്നെയാണെന്ന് അരുളപ്പാടുണ്ടല്ലോ (വെളിപ്പാട് 21:3). അതുതന്നെയാകണം സൃഷ്ടികളെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷയും - നിത്യവും നവമായിക്കൊണ്ടിരിക്കുക. നമ്മുടെ ആരാധനാ പരിചയത്തിൽ പ്രാർത്ഥനകൾക്കും, തിരുനാളുകൾക്കും ഒരു ചാക്രിക (cyclical) സ്വഭാവമുണ്ട്. അവിടെ കേവലം ആവർത്തനങ്ങളല്ല്. മറിച്ച് പങ്കാളികൾക്കും ആസ്വാദകർക്കും അത് പുതുതാക്കലിന്റെ വേളകളാണ്. ജന്മനാളിനുപോലുമുണ്ട് വാർഷിക ആവർത്തനം! കർമ്മത്താലും പരിചയത്താലും 'പഴയ'തായിപ്പോകുന്നതിനെ പുത്തനുണർവ്വോടെ പുതുതാക്കുന്നതാണ് ചാക്രികമായ ഈ ചലനം. 'കുക്കിലിയോനു'കളെയും അത്തരത്തിലാണ് അപഗ്രഥിക്കേണ്ടത്. ഭൂതലം മുഴുവനും പുതുതാക്കപ്പെടുമ്പോൾ മനുഷ്യൻ മാത്രം പുതുതാകാതെ പോകുമോ? പൊട്ടിവിടരുന്ന പ്രഭാതത്തെ പറവകൾ എത്ര ആഹ്ലാദത്തോടെയാണ് വരവേൽക്കുക! പക്ഷി, തലേ ദിവസത്തേതു തന്നെ, പക്ഷെ പ്രഭാതത്തിലെ പുതുമ എന്ന സ്നിഗ്ദ്ധത അവയെയും ബാധിക്കുന്നു.

'പുതുതാക്കും' എന്നത് ദൈവത്തിന്റെ അനന്തമായ

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# മൗനം

ഫാ. അലക്സ് പി. ജോർജ്ജ്



**വി.** നോമ്പിന്റെ ദിവസങ്ങളിലൂടെ കർത്താവിന്റെ പീഢാനുഭവവും ഉയിർപ്പു പെരുന്നാളും ആചരിക്കുവാൻ നാം ഒരുങ്ങുകയാണല്ലോ. പൊതുവെ ശാന്തതയും, മൗനവും പാലിക്കുന്ന സമയമാണല്ലോ നോമ്പ്. മൗനത്തിന്റെ ഉത്തുംഗാവസ്ഥ ദുഃഖവെള്ളിയോട് ചേർന്ന് കർത്താവിന്റെ ജീവിതത്തിൽ കാണുന്നുണ്ട്. 6 മണിക്കൂർ നീളുന്ന വിചാരണയിലും, തുടർന്നുള്ള കുരിശുമരണത്തിലും കർത്താവ് സംസാരിച്ചത് ഏതാനും വാക്കുകൾ മാത്രം. വാദത്തിന് മറുവാദങ്ങൾ ഇല്ല, ഭയാശങ്കകളില്ല, രക്ഷപ്പെടുവാനുള്ള ശ്രമങ്ങളില്ല, തികച്ചും ശാന്തത മാത്രം. ക്രിസ്തുവിനെപോലെ പ്രതിസന്ധിയിൽ ഒറ്റപ്പെട്ടുപോയ മനുഷ്യനെ അധികം നമ്മൾ കണ്ടിട്ടില്ല. ഭരണകൂടവും, ജനങ്ങളും ഒരു മനുഷ്യനെതിരാവുന്ന കാഴ്ചയാണ് ദുഃഖവെള്ളിയിലുള്ളത്. ശാരീരികവും മാനസികവുമായ പീഢനത്തിലും ഉൾക്കരുത്തോടെ ക്രിസ്തു നിശബ്ദനായി നിന്നു.

മൗനം (നിശബ്ദത) നമ്മുടെ ജീവിതത്തിലും വേണ്ടതാണ്. ഒരു വ്യക്തി നിശബ്ദനാകുമ്പോൾ എന്താണ് സംഭവിക്കുന്നത്. മൗനം നമ്മുടെ ഉള്ളിലേക്കുള്ള യാത്രയാണ്. ഓരോ വ്യക്തിയും അവനവൻ എന്താണെന്ന് തിരിച്ചറിയുന്ന സമയമാണ് മൗനത്തിന്റേത്. ദൈവരാജ്യം നിങ്ങളുടെ ഇടയിലാണെന്ന് ക്രിസ്തു പറയുന്നു (ലൂക്കോ 17-21). നമ്മിൽതന്നെയുള്ള ദൈവരാജ്യ അനുഭവങ്ങളെ നിശബ്ദമായി അനുഭവിച്ചറിയുവാൻ സാധിക്കണം. മണ്ണിൽ നിധി മറഞ്ഞിരിക്കുന്നതുപോലെ ദൈവരാജ്യ അനുഭവം അദൃശ്യാവസ്ഥയിലാണ്, ചിന്തകളും, ആകുലതകളും, അഹങ്കാരവും, ദുഃശ്ചിന്തകളും മനുഷ്യന്റെ ഉള്ളിലെ നന്മകളെ മറയ്ക്കുന്നു. ഇതെല്ലാം നീക്കി യഥാർത്ഥത്തിൽ നമ്മുടെ സ്വഭാവത്തെ പുറത്തെടുക്കുവാൻ മൗനം നമുക്ക് കൂട്ടാവണം. മനുഷ്യന്റെ യഥാർത്ഥ സ്വഭാവം നന്മയാണെന്നാണ് സഭയുടെ ദൈവശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. അതിനാൽ ഒരു മനുഷ്യനിൽ തിന്മ എത്ര ഏറിയാലും നന്മയുടെ അനുഭവം നഷ്ടമാകുന്നില്ല. ഈ നന്മയെ തിരികെ പിടിക്കുന്നതിന് നിശബ്ദത ആവശ്യമാണ്. നമ്മുടെ ഉള്ളിലെ ദൈവരാജ്യ അനുഭവം എന്നു പറയുന്നതും ഈ നന്മ തന്നെയാണ്.

നിശബ്ദത ദൈവത്തിലേക്കുള്ള യാത്ര കൂടിയാണ്. നീ മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക (സങ്കീ. 46:10), എന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക. മനുഷ്യർ പലവിധ ശബ്ദവിന്യാസങ്ങളോടെ ദൈവസംസർഗ്ഗത്തിൽ ഏർപ്പെടാറുണ്ട്. ആധുനിക ആരാധനാരീതികളുടെ പ്രത്യേകതയാണ് ഇത്. നമ്മുടെ പഴയ പള്ളികൾ ശ്രദ്ധിക്കുക. ചെറിയ വാതിലിലൂടെ അകത്ത് പ്രവേശിക്കുമ്പോൾ, തികഞ്ഞ നിശബ്ദതയും, അല്പം ഇരുളിമയുമാണ് നമ്മുടെ അനുഭവം. ഏലിയാവിന് ദൈവം പ്രത്യക്ഷപ്പെട്ടത് ഭൂകമ്പത്തിലും, കൊടുങ്കാറ്റിലും തീയിലും അല്ല, മൃദുസ്വരത്തിലാണ് (1. രാജ 19:11-12), മോശ മലമുകളിൽ തനിയെയാണ് ദൈവസംസ്സർഗ്ഗത്തിലായത്. അപ്പോൾ മൗനമായിരിക്കുക എന്നു പറഞ്ഞാൽ ദൈവത്തിലേക്ക് നോക്കുകയോ ദൈവം പറയുന്നതു കേൾക്കുകയോ ചെയ്യുന്ന സമയമാണ്.

നിശബ്ദത ഒരിയ്ക്കലും അലസതയല്ല, നിതാന്തമായ ജാഗ്രത ആവശ്യമായിരിക്കുന്ന സമയമാണ്. ചിന്തകളും, വാക്കുകളും, പ്രവർത്തികളും നിരോധിക്കപ്പെടുന്ന സമയം. ആത്മബലം ഉള്ളവർക്ക് മാത്രം ലഭിക്കുന്ന ശ്രേഷ്ഠമായ അവസ്ഥ. എത്ര കൊടിയ പീഢനത്തിലും അവർ ക്രിസ്തുവിനെപ്പോലെ നിൽക്കും പീഢനകാലം തികയുമ്പോൾ ക്രിസ്തുവിനെപ്പോലെ ഉയിർത്തെഴുന്നേൽക്കും. ■

*(എഡിറ്റോറിയൽ തുടർച്ച)*

(ലൂക്കോ 15: 11-32). മുടിയനായ പുത്രന്റെ കഥ ഓർമ്മിക്കുന്ന ഞായർ. അനുതപിച്ച് പിതാവിന്റെ അടുത്തെത്തിയപ്പോൾ പിതാവ് അവനെ സ്വീകരിച്ചതുപോലെ നമ്മുടെ അനുതാപം എപ്പോഴും ദൈവം കൈകൊള്ളും.

അടുത്ത ഞായർ അവസാന ന്യായവിധിയെ അനുസ്മരിപ്പിക്കുന്നു (മത്താ. 25: 31-46). കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണമെന്ന സന്ദേശം ഇവിടെ നൽകുന്നു.

കഷ്ടാനുഭവ ആഴ്ച: പഴയകാലങ്ങളിൽ കഷ്ടാനുഭവ ആഴ്ചയിൽ പലരും വൈകിട്ട് മാത്രം ലഘുഭക്ഷണം കഴിച്ചിരുന്നു. പകൽ ഭക്ഷണമില്ലാതെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. നോമ്പുകാലത്ത് തിങ്കൾ, ചൊവ്വ, ബുധൻ എന്നീ ദിവസങ്ങളിൽമാത്രം ഉപവസിച്ചിരുന്നവരും ഉണ്ടായിരുന്നു. മലങ്കരയിലെ ക്രിസ്ത്യാനികൾ 50 ദിവസവും തുടർച്ചയായി നോമ്പു നോറ്റിരുന്നു. എന്നാൽ ഭാരതത്തിനു വെളിയിലുള്ള ക്രിസ്ത്യാനികൾ 40-ാം വെള്ളിയാഴ്ച തീരുന്ന നാല്പതു ദിവസത്തെ നോമ്പാണ് നോക്കിയിരുന്നത്. അങ്ങനെ വലിയ നോമ്പ് ഭാരതത്തിനു വെളിയിലുള്ള ക്രിസ്ത്യാനികൾക്കെല്ലാം നാല്പതുനോമ്പാണ്.

മലങ്കര ഓർത്തഡോക്സ് സഭയുടെ വലിയനോമ്പ് (50 ദിവസം) ശുബക്കോന ശുശ്രൂഷയോടെ തിങ്കളാഴ്ച ആരംഭിക്കുകയും, കത്തോലിക്കാ വിഭാഗക്കാർക്ക് 'ആഷ് വെനസ്ഡെ' (ബുധനാഴ്ച)യിൽ ആരംഭിക്കുകയും ചെയ്യും.

40 എന്ന നമ്പരിനുള്ള പ്രത്യേകതകൾ പലതാണ്. നോഹയുടെ കാലം മുതലുള്ളതാണത്.

1. 40 രാവും 40 പകലും നിർത്താതെ പെയത് മഴ ലോകത്തിലെ സകല ജീവജാലങ്ങളെയും നശിപ്പിച്ചു.
2. യിസ്രേലിയരുടെ 40 വർഷത്തെ മരുഭൂമിയിലൂടെയുള്ള യാത്ര.
3. മോശ 40 ദിവസത്തെ നോമ്പിനുശേഷം പത്തു കല്പനകൾ സീനായി മലയിൽ വച്ച് സ്വീകരിച്ചു.
4. യേശുക്രിസ്തു മരുഭൂമിയിൽ 40 ദിവസം ഉപവസിച്ചു. സാത്താനാൽ പരീക്ഷിക്കപ്പെട്ടു.
5. യേശു കബറിൽ 40 മണിക്കൂർ കിടന്നു. ■

*(ഇടയലേഖനം തുടർച്ച)*

വാഗ്ദാനമാണ്. അതിനുനേരെ മുഖം തിരിഞ്ഞുനിൽക്കുവാനുദ്യമിക്കുന്നത് സമസ്ത 'പുരോഗമന'ത്തെയും ഇല്ലാതാക്കുന്നതായിരിക്കും. കണ്ണുനീരും ദുഃഖവുമെല്ലാം അസ്തമിക്കും; ആനന്ദത്തിന്റെ പുലർകാലകിരണങ്ങൾ വീശിത്തുടങ്ങും. സ്വാർത്ഥതയും അഹംഭാവവും, തൃഷ്ണകളും, ലൗകികതയുമെല്ലാം കടപുഴകും. മൂല്യമുള്ളതും നിത്യവുമായവ ഏതെല്ലാം എന്ന് വെളിപ്പെടും.

ഈ ദൈവികപ്രക്രിയയിലെ ഭാഗഭാക്കുക എന്ന വെല്ലുവിളി എക്കാലവും മനുഷ്യർ നേരിടുന്നു. അപക്വവും സ്വാർത്ഥപ്രേരിതവുമായ നിലപാടുകളും ആക്രോശങ്ങളും കുറെ നേരത്തേക്കെങ്കിലും ഇരുൾ പരത്തും. എന്നാൽ ദൈവത്തിന്റെ 'യഥാകാല'മുള്ള ഇടപെടലുണ്ടാകുമ്പോൾ എല്ലാം പുതുതായി വരും. പുതുമ, സ്വാഗതം ചെയ്യാത്തവർ പഴയതായി തുടരുക എന്നല്ല, പുറന്തള്ളപ്പെടും. വേനൽ കഴിഞ്ഞാൽ വർഷമായി. അത് പ്രകൃതിയിലെ വ്യവസ്ഥ. നീതി, സത്യം, ധാർമ്മികത, വിനയം, പരനന്മ മുതലായവയുടെ വെളിച്ചത്തിൽ മനുഷ്യസ്വഭാവത്തിലും നടപടികളിലും പൊളിച്ചെഴുത്തുണ്ടാകുമ്പോൾ മനുഷ്യന്റെയും പ്രകൃതിയുടെയും മുഖം പുതുതായി വരും. ■





**എ**റണാകുളം ഓർത്തഡോക്സ് ഗോസ്പൽ കൺവെൻഷൻ "മെൽത്തോ 2016" ഫെബ്രുവരി 19, 20, 21 തീയതികളിൽ എറണാകുളം കലൂർ ഇന്റർ നാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ നടത്തി. 19-ാം തീയതി വെള്ളി വൈകിട്ട് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത **അഭി. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി**യുടെ ഉൽഘാടന സന്ദേശത്തോടെ ആരംഭിച്ച കൺവെൻഷൻ 21-ാം തീയതി കാൻഡിൽ പ്രെയറോടും



ആശീർവാദത്തോടും കൂടി സമാപിച്ചു. സുവിശേഷ പ്രാസംഗികരായി **റവ. ഫാ. ഡോ. റെജി മാത്യൂസ്, റവ. ഫാ. ഫിലിപ്പ് തരകൻ, അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനി** എന്നിവർ പങ്കെടുത്തു. 20-ാം തീയതി നടന്ന കുടുംബസംഗമത്തിൽ ശ്രീമതി മെർലിൻ മാത്യു, 21-ാം തീയതിയിലെ യുവജന സംഗമത്തിൽ ശ്രീ. തോമസ് കുരുവിള എന്നിവർ സന്ദേശങ്ങൾ നൽകി.








## കുടുംബ വിശേഷങ്ങൾ

### MARTHA MARIYAM VANITHA SAMAJAM

**Newly Elected (held on 26/02/2016) Office Bearers of our Martha Mariyam Vanitha Samajam for 2016-17:**

Secretary: **Suma Mathews,** Treasurer : **Latha Simon**

Committee Members:
*Church:* 1. Mariyam George, 2. Santhi Easo
*North:* 1. Elsy Job, 2. Sushama Joseph
*Elamkulam:* 1. Shyla Thomas, 2. Pavana

**"Kochi Diocese South Zone Martha Mariyam Vanitha Samajam Competition, held on 13/02/2016"**

WINNERS from our church

1. Supper Seniors:
   - Verses Writing : **Susan John** - First
   - Verses Quick Finding : **Susan John** - Second
   - Elocution : **Molly Koshy** - First
   - Group Song : **Elsy Job, Mariyamma Babu, Susan John** - Second
2. Seniors:
   - Single Song : **Shyla Thomas** - Second
3. Juniors:
   - Elocution : **Sona Ullas** - Second

OVERALL POINTS: Our Samajam secured Second position

## അഭിനന്ദനങ്ങൾ



**കേ**രള യൂണിവേഴ്സിറ്റിയിൽ നിന്നും ബയോകെമിസ്ടറിയിൽ ഡോക്ടറേറ്റ് നേടിയ **റിയാ മറിയം ഫിലിപ്പ്,** (സയന്റിസ്റ്റ്, സമിലാബാസ്, ബംഗളൂരു), എറണാകുളം ചാലക്കുഴി ശ്രീ. ഫിലിപ്പ് പോളിന്റെയും ശ്രീമതി ബീനാ ഫിലിപ്പിന്റെയും മകളും തൃശൂർ പുളിമ്പള്ളിൽ കുറിച്ചിയത്ത് അരുൺ കോശി തോമസ്സിന്റെ (ഏർണസ്റ്റ് & യംങ്, ബംഗളൂരു) ഭാര്യയുമാണ്.



**എം.**ജി. യൂണിവേഴ്സിറ്റിയിൽ നിന്നും LLB പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ **സംഗീത സണ്ണി,** എറണാകുളം അയ്യപ്പൻകാവ് പാറപ്പുഴയിൽ വീട്ടിൽ ശ്രീ. സണ്ണിയുടെയും ശ്രീമതി ആശ സണ്ണിയുടെയും മകളാണ്.

## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| മാർച്ച് | 06 ഞായർ | ക്പിഫ്തൊ ഞായർ |
| | 13 ഞായർ | സമിയോ ഞായർ, സഭാ ദിനം |
| | 17 വ്യാഴം | ഓർമ്മ പൗലോസ് മാർ സേവേറിയോസ് (കൊരട്ടി അരമന) |
| | 18 വെള്ളി | നാല്പതാം വെള്ളി |
| | 19 ശനി | ലാസറിന്റെ ശനി |
| | 20 ഞായർ | ഓശാന ഞായർ (വി. കുർബാന 7 am) |
| | 24 വ്യാഴം | പെസഹാ വ്യാഴം |
| | 25 വെള്ളി | വചനിപ്പ് പെരുന്നാൾ, (വി. കുർബാന 6 am) ദുഃഖവെള്ളി |
| | 26 ശനി | ദുഃഖശനി (വി. കുർബാന 7 am എളംകുളം ചാപ്പൽ; 11 am കത്തീഡ്രൽ) |
| | 27 | ഉയിർപ്പ് ഞായർ |
| ഏപ്രിൽ | 3 ഞായർ | പുതുഞായർ |